# പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ
# (ഹാജർ. എച്ച്. ദിനേശൻ.ഐ.എ.എസ്)

വിഷയം : ഭരണജാഗ്രത - ഇടുക്കി ജില്ല - പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീ.റോയി ജോർജി നെതിരായ അച്ചടക്ക നടപടി - അന്തിമ ഉത്തരവ് പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

പരാമർശം

1. ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 26.8.2014 ലെ എ2-10078/13 നമ്പർ കത്ത്.
2. ഈ ആഫീസിലെ 27.3.2015 ലെ ഇതേ നം. കുറ്റപത്രം.
3. ശ്രീ.റോയി ജോർജിന്റെ 15.6.2015 ലെ എതിർവാദപത്രിക.
4. ഇടുക്കി ഡെപ്യൂട്ടി ഡയറക്ടറുടെ 19.62015 ലെ ബി1-2733/15 നം. കത്ത്.
5. ഈ ആഫീസിലെ 23.12.2015 ലെ ഇതേ നം. ഉത്തരവ്.
6. ഇടുക്കി ഡെപ്യൂട്ടി ഡയറക്ടറുടെ 24.2.2016 ലെ ബി1-2733/15 നം. വിശദാന്വേഷണ റിപ്പോർട്ട്.
7. ഈ കാര്യലയത്തിലെ 27.06.2016 ലെ കാരണം കാണിക്കൽ നോട്ടീസ്
8. 14.09.2018 ലെ പത്രപരസ്യം

**ഉത്തരവ് നമ്പർ.ഡി8-34298/14 തീയതി. 17.10.2018**

ഇടുക്കി ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിലെ സീനിയർ ക്ലാർക്കായിരുന്ന ശ്രീ.റോയി ജോർജിന് സർക്കാരിന്റെ 16.12.2008 ലെ ജി.ഒ (ആർ.റ്റി) 4326/08/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 5.11.2008 മുതൽ 5 വർഷത്തേക്ക് കെ.എസ്.ആർ. അപ്പെൻഡിക്സ് 12 (എ) പാർട്ട് - 1 പ്രകാരം അവധി അനുവദിച്ചിട്ടുള്ളതും തുടർന്ന് ടി കാലയളവിന് ശേഷം തുടർ അവധി അനുവദിക്കുകയില്ലെയെന്നും ഉത്തരവായിട്ടുണ്ടായിരുന്നു. എന്നാൽ താങ്കൾ അവധി കഴിഞ്ഞ് 4.11.2013 ൽ ജോലിയിൽ പ്രവേശിച്ചില്ലായെന്ന് പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് പരാമർശം (2) പ്രകാരം KCS (CC &A) ചട്ടം 15 അനുശാസിക്കും പ്രകാരം കുറ്റപത്രം നൽകി കൊണ്ട് അച്ചടക്കനടപടി ആരംഭിച്ചു. ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ യു.ഡി.ക്ലാർക്കായി ജോലിനോക്കി വരവെ സ.ഉ(സാധാ) നം. 7026/93/LAD തീയതി.2.11.1993 പ്രകാരം 5.11.1993 മുതൽ 5 വർഷത്തേയ്ക്ക് വിദേശ ജോലിക്ക് അവധി അനുവദിക്കുകയും, തുടർന്ന് സ.ഉ (സാധാ) 1039/2001/തസ്വഭവ തീയതി.18.3.2001 പ്രകാരം 5.11.1998 മുതൽ 5 വർഷത്തേയ്ക്ക് അവധി അനുവദിക്കുകയും, 3.11.2003 ലെ സ.ഉ(സാധാ) 4326/08/തസ്വഭവ തീയതി.3.11.2008 പ്രകാരം കേരള സർവീസ് ഭാഗം I അനുബന്ധം XII A പ്രകാരം തുടർന്ന് അഞ്ചു വർഷത്തേയ്ക്ക് അവധി അനുവദിക്കുകയും ചെയ്ത് ഉത്തരവായിരുന്നു.

ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുൻപാകെ തുടർ അവധി അനുവദിക്കാൻ സമർപ്പിച്ച അപേക്ഷ പരിഗണിക്കാൻ കഴിയില്ല എന്ന വിവരം താങ്കളെ അറിയിച്ചിട്ടുള്ളതാണ്. താങ്കളുടെ അവധി 4.11.2013 ൽ അവസാനിച്ചിരിക്കെ സർവ്വീസിൽതിരികെ പ്രവേശിക്കാത്ത നടപടി അച്ചടക്കലംഘനമാണ്. താങ്കൾക്കെതിരായി കെ.എസ്.ആർ. ഭാഗം I അനുബന്ധം XII A പ്രകാരവും, 1960 ലെ കേരള സിവിൽ സർവ്വീസ് (തരംതിരിവും, നിയന്ത്രണവും അപ്പീലും) ചട്ട പ്രകാരം ശിക്ഷണ നടപടി സ്വീകരിക്കാൻ പര്യാപ്തമായ കുറ്റമാണ് താങ്കളുടെ ഭാഗത്ത് ഉണ്ടായിട്ടുള്ളത്. ആയതിന് പരാമർശം (3) പ്രകാരം താങ്കൾ എതിർവാദപത്രിക സമർപ്പിച്ചിരുന്നു. ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ യു.ഡി.ക്ലാർക്കായി ജോലിയിലിരിക്കെ spouse നോടൊപ്പം കുടുംബമായി ജീവിക്കുന്നതിന് വേണ്ടി 20 വർഷം ശമ്പളരഹിത അവധി എടുത്തിരുന്നു എന്നാൽ 20 വർഷത്തിനു ശേഷവും ജോലിയിൽ പ്രവേശി ക്കുന്നതിന് നിർവ്വാഹമില്ലാത്തതിനാൽ സർവ്വീസിൽ നിന്ന് ഞാൻ വിരമിക്കുന്നതായി കണക്കാക്കി നടപടി സ്വീകരിക്കണമെന്ന് അപേക്ഷിച്ചിരുന്നു. പരാമർശം (4) പ്രകാരം കുറ്റപത്രം തപാലിൽകൈപ്പറ്റിയതിന്റെ അക്നോളജ്മെന്റ് കാർഡിന്റെ പകർപ്പ് അയച്ചു തന്നിട്ടുണ്ട്. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താങ്കളുടെ ഭാഗത്ത് ചട്ടലംഘനവും ഗുരുതരമായ വീഴ്ചയും വന്നതായി കണ്ടെത്തിയതിനാൽ പരാമർശം (5) പ്രകാരം ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ വിശദാന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവായിരുന്നു. പരാമർശം (6) പ്രകാരം സമർപ്പിച്ച വിശദാന്വേഷണ റിപ്പോർട്ടിൽ ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ യു.ഡി.ക്ലാർക്കായി ജോലി നോക്കി വരവെ കേരള സർവ്വീസ് ഭാഗം അനുബന്ധം XII A പ്രകാരം അവധിയിൽ പ്രവേശിക്കുകയും അവധി അവസാനിച്ചിട്ടും തിരികെ ജോലിയൽ പ്രവേശിക്കാതിരിക്കുകയും ഇപ്പോഴും വിദേശത്ത് ജോലി നോക്കുകയും ചെയ്യുന്നതിനാൽ താങ്കളെ സർവ്വീസിൽ നിന്ന് നീക്കം ചെയ്യുന്നതിന് ശുപാർശ ചെയ്തിരുന്നു.

ബന്ധപ്പെട്ട രേഖകളും അന്വേഷണ റിപ്പോർട്ടും പരിശോധിച്ചതിൽ അവധി കഴിഞ്ഞിട്ടും ജോലിയിൽ പ്രവേശിക്കാത്ത താങ്കളുടെ നടപടി ഗുരുതരമായ അച്ചടക്കലംഘനവും ചട്ടലംഘനവുമാണ് എന്ന് കാണുന്നു. താങ്കളെ കെ.എസ്.ആർ ഭാഗം 1 റൂൾ 9 അനുബന്ധം XII A പ്രകാരവും 1960 ലെ കേരള സിവിൽസർവ്വീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരവും സർവ്വീസിൽ നിന്ന് നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ചുകൊണ്ട് പരാമർശം (7) പ്രകാരം കാരണം കാണിക്കൽ നോട്ടീസും പുറപ്പെടുവിച്ചിരുന്നു.

പ്രസ്തുത താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവാകാ തിരിക്കുവാൻ തക്ക കാരണമെന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടി നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം ഈ ഓഫീസിൽ സമർപ്പിക്കാൻ ആണ് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ താങ്കളുടെ ഭാഗത്തുനിന്നും മറുപടിയൊന്നും ലഭിച്ചില്ല. തുടർന്ന് പ്രസ്തുത കാരണംകാണിക്കൽ നോട്ടീസ് അനുബന്ധം (4) നോട്ടീസിലൂടെ പരാമർശം (8) പ്രകാരം പ്രചാരത്തിലുള്ള 2 ദിനപ്പത്രങ്ങളിൽ പരസ്യം ചെയ്യുകയും ചെയ്തു. നിലവിൽ കാരണം കാണിക്കൽ നോട്ടീസിനു മറുപടി നൽകുവാനുള്ള നിർദ്ദിഷ്ട സമയം അധികരിക്കുകയും ചെയ്തിരിക്കുന്നു.

പ്രസ്തുത സാഹചര്യത്തിൽ മേൽ വിഷയത്തിൽ താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ കാരണം കാണിക്കൽ നോട്ടീസ് വഴി പുറപ്പെടുവിച്ചതും താൽക്കാലികമായി നിശ്ചയിച്ചതുമായ "ചട്ടം പ്രകാരം താങ്കളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നു" വെന്ന ശിക്ഷ സ്ഥിരപ്പെടുത്തി 04.11.2013 പ്രാബല്യത്തിൽ സേവനത്തിൽ നിന്നും നീക്കം ചെയ്തുകൊണ്ട് ഇതിനാൽ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

എച്ച്. ദിനേശൻ ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

ശ്രീ.റോയി ജോർജ്
സീനിയർ ക്ലാർക്ക് (നിലവിൽ അനധികൃത ഹാജരില്ലായ്മയിൽ)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, ഇടുക്കി
(പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി മുഖേന)

പകർപ്പ്:
(1) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
(2) ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്
(3) സീനിയർ സൂപ്രണ്ട്, ഡി സെക്ഷൻ
(4) സീനിയർ സൂപ്രണ്ട്, ഇ സെക്ഷൻ
(5) കരുതൽ ഫയൽ /അധികം.

ജെ.എൽ 10/10